# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 05 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## തൃശൂർ ജില്ലാ കളക്ടറായി എസ്. ഷാനവാസ് ചുമതലയേറ്റു

തൃശൂർ ജില്ലാ കളക്ടറായി എസ്. ഷാനവാസ് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചുമതലയേറ്റു. തൃശൂർ ജനതയുടെ പ്രതീക്ഷകൾ നിറവേറ്റാൻ ശ്രമിക്കുമെന്ന് കളക്ടർ പറഞ്ഞു. ഡെപ്യൂട്ടി കളക്ടറായി രണ്ടുതവണ തൃശൂർ ജില്ലയിൽ സേവനമനുഷ്ഠിച്ചതിന്റെ അനുഭവ പരിചയമുള്ളത് മുതൽക്കൂട്ടാവുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. മുൻ കളക്ടർ ടി.വി അനുപമയിൽനിന്ന് ചുമതലയേറ്റ ശേഷം അദ്ദേഹം കളക്ടറേറ്റ് വളപ്പിൽ വൃക്ഷത്തൈ നട്ടു. കുടുംബത്തോടൊപ്പമാണ് ചുമതലയേൽക്കാനെത്തിയത്. സഹകരണ വകുപ്പ് രജിസ്ട്രാറായിരിക്കേയാണ് കളക്ടറായി നിയമിതനായത്.

## എൻ എച്ച് വികസന പ്രശ്നങ്ങൾക്ക് മുൻഗണന: ജില്ലാ കളക്ടർ എസ് ഷാനവാസ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു. ചുമതലയേറ്റടുത്ത ശേഷം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ വാർത്തസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ പട്ടികജാതി കോളനിയുടെ ശോചീനയവസ്ഥ പരിഹരിക്കുന്നതിനാവും രണ്ടാമത്തെ മുൻഗണന. ഇതിനായി പട്ടികജാതി കോളനികളിൽ സർവെ നടത്തും. സർവെ അടിസ്ഥാനമാക്കി കോളനികൾക്ക് വികസനപ്രവർത്തനങ്ങളിൽ മുൻഗണന നൽകും. തൃശൂർ നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രം തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമെന്നു എസ് ഷാനവാസ് അറിയിച്ചു.

അടിയന്തിര ഇടപെടൽ എന്ന നിലയിൽ പ്രളയാനന്തര പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലത്തും. 52000 അപ്പീൽ അപേക്ഷകളാണ് പ്രളയാനന്തര പുനർനിർമ്മാണ സഹായം സംബന്ധിച്ച് ലഭിച്ചത്. ഇവ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകി പരിശോധിച്ചു വരികയാണ്. പരിശോധന പത്ത് ദിവസത്തിനകം പൂർത്തീകരിച്ച് പുനർ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

പട്ടയവിതരണവും കാര്യക്ഷമാക്കും. പാലിയേക്കരയിലെ ടോൾപ്ലാസയ്ക്കെതിരെയുള്ള പരാതികൾ പരിശോധിക്കാമെന്ന് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനുത്തരമായി കളക്ടർ പറഞ്ഞു. ഇക്കാര്യം സംബന്ധിച്ച് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ച് സമഗ്ര ചർച്ച നടത്തും. ആവശ്യമെങ്കിൽ ടോൾപ്ലാസയിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടത്തും. നിയമപരിധിക്കുള്ളിൽ നിന്ന് കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ടോൾപ്ലാസയുടെ കാര്യത്തിൽ ചെയ്യുമെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. എഡിഎം റെജി പി ജോസഫ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ് എന്നിവരും വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.

## പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം: 34.5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി

ജില്ലയിൽ അതിക്രമങ്ങൾക്കിരയായ പട്ടികജാതി വിഭാഗക്കാരായ 44 പേർക്ക് ഇതേവരെ 34,50,000 രൂപ നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തതായി ജില്ലാ പട്ടികജാതി വിജിലൻസ്

ആന്റ് മോണിറ്ററിങ് കമ്മിറ്റി യോഗം അറിയിച്ചു. കഴിഞ്ഞ വർഷം നടന്ന അതിക്രമങ്ങളിലാണ് നിയമ നടപടികളുടെ പശ്ചാത്തലത്തിൽ ഇത്രയും തുക വിതരണം ചെയ്തത്. 59 കേസുകളിൽ തുടർ നടപടികളെടുക്കാനും ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിലുള്ള യോഗം തീരുമാനിച്ചു.

ഗവ. എൻജിനീയറിങ് കോളേജിൽ പട്ടികജാതി വിദ്യാർത്ഥികളിൽ നിന്ന് ഫീസ് വാങ്ങുന്ന കോളേജ് അധികൃതരുടെ നടപടിയിൽ പരിശോധന നടത്തി ഫീസ് തിരിച്ചു നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത യു ആർ പ്രദീപ് എം എൽ എ അറിയിച്ചു. ഇതിനായി പ്രിൻസിപ്പാളിന് നിർദേശം നൽകും. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കും. ജില്ലയിൽ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് സംവിധാനം വിപുലപ്പെടുത്തണം. ലംപ്സം ഗ്രാന്റ് ബാങ്ക് വഴി നൽകുന്നതിനാൽ പ്രൈമറി തലം മുതലുള്ള വിദ്യാർത്ഥികൾക്ക് ദേശസാൽകൃത ബാങ്കുകളിൽ സീറോ ബാലൻസ് അക്കൗണ്ട് നടപ്പാക്കാനും കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. യോഗത്തിൽ എഡിഎം റെജി പി ജോസഫ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് വി കെ രാജു തുടങ്ങിയവർ പങ്കെടുത്തു.

## വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ ജില്ലാ മൃഗസംരക്ഷണ വകുപ്പ്

വിവിധ മൃഗസംരക്ഷണ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് അംഗീകാരം നൽകിയതോടെ ജില്ലാ മൃഗസംരക്ഷണ വകുപ്പ് 10 പദ്ധതികൾ നടപ്പാക്കുന്നു. വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി വിതരണം, മൃഗപരിപാലന ക്ലബ് രൂപീകരിച്ച് ധനസഹായം നൽകൽ എന്നിവ ഉൾപ്പെടെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ക്ഷീര കർഷകർക്ക് കറവ യന്ത്രം വാങ്ങുന്നതിന് ധനസഹായം, താറാവ് നഴ്സറി തയ്യാറാക്കൽ, ആട് വളർത്തൽ സാറ്റലൈറ്റ് യൂണിറ്റ്, രാത്രികാല മൃഗ ചികിത്സാ സേവനം, കോഴിയും കൂടും പദ്ധതി, മാതൃകാ പഞ്ചായത്ത് പദ്ധതി, നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ ആട് വളർത്തൽ പദ്ധതി, വളക്കുഴി നിർമാണത്തിന് ധനസഹായം എന്നിവയാണ് ജില്ലാ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മാതൃകാ പദ്ധതികൾ.

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തിരഞ്ഞെടുത്ത 50 വിദ്യാർത്ഥികൾക്ക് ഓരോരുത്തർക്കും അഞ്ച് മുട്ടക്കോഴികളും ആദ്യത്തെ ആഴ്ചക്കു വേണ്ട തീറ്റയും മരുന്നും നൽകുന്ന പദ്ധതി ഈ മാസം ആരംഭിക്കും. അതത് പഞ്ചായത്തുകളുടെ സഹായത്തോടെയാണ് പ്രദേശത്തെ വെറ്ററിനറി ഓഫീസർ സ്കൂളുകളിൽ നിന്ന് കുട്ടികളെ തിരഞ്ഞെടുക്കുന്നത്. 60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് പദ്ധതി പ്രകാരം നൽകുന്നത്. കൂടാതെ സ്കൂൾ വിദ്യാർത്ഥികളിൽ മൃഗപരിപാലന ആഭിമുഖ്യം വളർത്തുന്നതിന് മൃഗപരിപാലന ക്ലബ്ബും രൂപീകരിക്കും. ജില്ലയിലെ മൂന്ന് സ്കൂളുകളാണ് ഇതിനായി തിരഞ്ഞെടുക്കുക. ഇവയ്ക്ക് 51,000 രൂപ വീതം ധനസഹായം നൽകും. ഇതോടൊപ്പം 2018-19 വർഷത്തിൽ മൃഗപരിപാലന ക്ലബ് പദ്ധതി നടപ്പാക്കിയ മികച്ച സ്കൂളിന് 10,000 രൂപയുടെ കാഷ് അവാർഡും നൽകും.

പ്രളയത്തിൽ ആടുകളെ നഷ്ടപ്പെട്ട ക്ഷീര കർഷകർക്ക് 10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന ആടു വളർത്തൽ യൂണിറ്റ് നിർമിക്കുന്നതിനായി 90 ശതമാനം സബ്സിഡി അനുവദിക്കും. ജില്ലയിൽ ഇത്തരത്തിൽ 120 യൂണിറ്റാണ് ഉള്ളത്. ഇവയ്ക്ക് ഓരോന്നിനും 59,400 രൂപ വീതം ധനസഹായം നൽകും.

ക്ഷീരകർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിന് 25000 രൂപ വീതം ധനസഹായം നൽകും. ജില്ലയിൽ 17 യൂണിറ്റുകളെയാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. കുറഞ്ഞത് അഞ്ച് പശുക്കളെയെങ്കിലും ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ജില്ലയിൽ താറാവ് കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന താറാവ് നഴ്സറി പദ്ധതി വെറ്ററിനറി ആശുപത്രികൾ മുഖേനയാണ് നടപ്പാക്കുക. 300 യൂണിറ്റുകളാണ് ഇതിനായുള്ളത്. ഒരു യൂണിറ്റിന് 1200 രൂപയാണ് ധനസഹായം അനുവദിക്കുക.

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലെ 100 കർഷകർക്ക് അഞ്ച് പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന ആട് വളർത്തൽ സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 25,000 രൂപ വീതം ധനസഹായം നൽകും. ജില്ലയിലെ കോർപ്പറേഷൻ, നഗരസഭ പ്രദേശങ്ങളിൽ താത്പര്യമുള്ള 40 ഗുണഭോക്താക്കൾക്ക് അഞ്ച് കോഴിയും കൂടും നൽകുന്ന പദ്ധതി പ്രകാരം 5000

രൂപയും നൽകും. മാള, മതിലകം, തളിക്കുളം, ചൊവ്വന്നൂർ, പഴയന്നൂർ, കൊടകര, അന്തിക്കാട്, ചാലക്കുടി ബ്ലോക്കു പഞ്ചായത്തുകളിൽ രാത്രികാല മൃഗ ചികിത്സാസേവനം നൽകുന്ന പദ്ധതിയും ആരംഭിക്കും. ഇതിനായി ഡോക്ടർമാരെയും സഹായികളെയും നിയമിച്ചു.

ശാസ്ത്രീയമായ രീതിയിൽ വളക്കുഴികൾ നിർമിക്കുന്നതിനും നിലവിലുള്ളത് പുതുക്കി പണിയുന്നതിനുമായി 12500 രൂപ വീതം ജില്ലയിൽ 140 യൂണിറ്റുകൾക്ക് നൽകും.

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ മികവു പ്രകടിപ്പിക്കുന്ന ജില്ലയിലെ രണ്ടു പഞ്ചായത്തുകൾക്ക് രണ്ടു ലക്ഷം രൂപ നൽകുന്ന മാതൃക പഞ്ചായത്തു പദ്ധതിയും ഇതോടൊപ്പം നടപ്പാക്കുമെന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർ എം കെ പ്രദീപ് കുമാർ അറിയിച്ചു.

## കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി യോഗം 9 ന്

കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി ജൂലൈ ഒൻപത് രാവിലെ 11 ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സർക്കാർ സർവീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന സാമുദായികവും സാമൂഹ്യപരവുമായ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ/നിവേദനങ്ങൾ സ്വീകരിക്കും.

## സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസ്സിങ് ഔട്ട് പരേഡ് ഒമ്പതിന്

തൃശൂർ സ്റ്റേറ്റ് എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെന്ററിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ 51 സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസ്സിങ് ഔട്ട് പരേഡ് ജൂലൈ ഒൻപതിന് രാവിലെ 7.30 ന് നടക്കും. എക്സൈസ് വകുപ്പ് മന്ത്രി ടി പി രാമകൃഷ്ണൻ മുഖ്യാതിഥിയാകും. എക്സൈസ് കമ്മീഷണർ, അഡീഷണൽ എക്സൈസ് കമ്മീഷണർ, അക്കാദമി പ്രിൻസിപ്പൽ തുടങ്ങിയവർ പങ്കെടുക്കും. 180 ദിവസത്തെ പരിശീലനത്തിൽ ആംസ് ഡ്രിൽ, ഫയറിങ് പ്രാക്ടീസ്, യോഗ, കരാട്ടെ, സ്വിമ്മിങ്, ഡ്രൈവിങ്, ഫയർ ഫൈറ്റിങ്, കമ്പ്യൂട്ടർ, അബ്കാരി ആക്ട്, എൻഡിപിഎസ് ആക്ട്, കോട്പ ആക്ട്, പ്രൊഹിബിഷൻ ആക്ട് തുടങ്ങിയവയിൽ പരിശീലനം ഉൾപ്പെട്ടിരുന്നു. ജംഗിൾ ട്രെയിനിങ്, കോസ്റ്റൽ പോലീസ് സ്റ്റേഷൻ സന്ദർശനം, ഡിസ്റ്റലറി സന്ദർശനം, ഫീൽഡ് ഓഫീസ് സന്ദർശനം എന്നിവയും നടത്തിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ നെറ്റ് യോഗ്യതയുള്ള ഒരാളും സെറ്റ് യോഗ്യതയുള്ള രണ്ടാളും ബി എഡ് ഉള്ള നാലും എംസിഎ ഉള്ള ഒരാളും ബിടെക് ഉള്ള നാല് പേരും ബിരുദാനന്തരബിരുദമുള്ള ഏഴ് പേരും ബിരുദമുള്ള 22 പേരും ഡിപ്ലോമയുള്ള രണ്ട് പേരും പ്ലസ്ടു ഉള്ള ഏഴ് പേരുമാണുള്ളത്.

## ജില്ലാ വികസന സമിതി യോഗം

ജില്ലാ വികസന സമിതി യോഗം ജൂലൈ 27 രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## കമ്പ്യൂട്ടർ കോഴ്സ്

ഗുരുവായൂർ എൽബിഎസ് സെന്ററിൽ ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ, ഡിസിഎഫ്എ, ടാലി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ : 0487-2552387, 9745873969.

## വിചാരണ മാറ്റി

തൃശൂർ ലാൻഡ് ട്രൈബ്യൂണൽ ആൻഡ് ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ജൂലൈ ആറിന് തൃശൂർ കളക്ടറേറ്റിൽ നിശ്ചയിച്ച എസ് എം കേസുകളുടെ വിചാരണ 2020 ഫെബ്രുവരി 15 ലേക്ക് മാറ്റി. ഫോൺ : 0487-2360777, 2239530.

## ടെണ്ടർ

മൃഗസംരക്ഷണ വകുപ്പ് തൃശൂർ ജില്ലയിൽ നടപ്പിലാക്കുന്ന വന്ധ്യതാനിവാരണ പദ്ധതി നടത്തിപ്പിനാവശ്യമായ മരുന്നുകൾ, കൺസ്യൂമബൾസ് എന്നിവ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾ www.etenderskerala.gov.in. എന്ന വെബ്സൈറ്റിൽ ലഭിക്കും. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 22. ഫോൺ : 0487-2361216.

## കരാർ നിയമനം

പൊയ്യ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സിവിൽ എഞ്ചിനീയർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദമാണ് യോഗ്യത. അപേക്ഷ ജൂലൈ 15 നകം പൊയ്യഗ്രാമപഞ്ചായത്ത് ഓഫീസിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ട് ബന്ധപ്പെടണം. ഫോൺ : 0480-2890263.

## ട്രാൻസ്ജെന്റേഴ്സ് അയൽക്കൂട്ട രൂപീകരണയോഗം

മുരിയാട് ഗ്രാമപഞ്ചായത്ത് ട്രാൻസ്ജെന്റേഴ്സ് അയൽക്കൂട്ട രൂപീകരണയോഗം ഇന്ന് (ജൂലൈ 6) പഞ്ചായത്ത് ഹാളിൽ നടക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ യോഗം ഉദ്ഘാടനം ചെയ്യും. സി ഡി എസ് ചെയർപേഴ്സൺ ഷീജ മോഹനൻ അധ്യക്ഷത വഹിക്കും. കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ റെജി തോമസ്, കുടുംബശ്രീയംഗം സെക്രട്ടറി എം ശാലിനി, പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങൾ, വാർഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## പരാതി പരിമിതം:
## തൃശ്ശൂർ ജില്ലാ അദാലത്ത്

പഞ്ചായത്ത് വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള പരാതികൾ കാലതാമസം കൂടാതെ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി പരിമിതം-തൃശ്ശൂർ ജില്ലാ അദാലത്ത് സംഘടിപ്പിച്ചു. പഞ്ചായത്ത ്നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ 73 ശതമാനം പരാതികളിൽ തീർപ്പ് കൽപ്പിച്ചു. 86 പഞ്ചായത്തുകളിൽ നിന്നായി നിശ്ചിത തിയ്യതിക്കകം പരിഹരിക്കാൻ കഴിയാത്ത 202 അപേക്ഷകൾ അദാലത്തിൽ പരിഗണിച്ചു. ഇതിൽ 146 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു. 56 അപേക്ഷകൾ തുടർനടപടികൾക്കായി മാറ്റിവെച്ചു. പഞ്ചായത്ത് സേവനങ്ങളിന്മേലുള്ള പരാതിയുമായി എത്തുന്നവർക്ക് ഇനി കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതിനായുള്ള നടപടികൾക്കായി ഡെപ്യൂട്ടി ഡയറക്ടർ എല്ലാ പഞ്ചായത്തുകൾക്കും നിർദേശം നൽകി. സമയബന്ധിതമായി തീർപ്പാക്കുന്നതിനു എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ജില്ലാ ഓഫീസിൽ വെച്ച് മോണിറ്ററിങ് നടത്തുന്നതാണ്.

## പ്രവേശനപരീക്ഷാഫലം പ്രസിദ്ധീകരിച്ചു

മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ വിവിധ കോഴ്സുകളിലേക്ക് ജൂൺ 29 ന് നടത്തിയ പ്രവേശനപരീക്ഷയിൽ ഇന്റർവ്യൂവിന് യോഗ്യത നേടിയവരുടെ പട്ടിക അക്കാദമി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദാംശങ്ങൾക്കായി അക്കാദമി വെബ്സൈറ്റ് സന്ദർശിക്കുക. സെലക്ഷൻ ലിസ്റ്റിലുള്ളവർക്കുള്ള അഭിമുഖം ഓഗസ്റ്റ് 16 ന് എറണാകുളത്ത് കാക്കനാട്ടുള്ള അക്കാദമിയുടെ കാമ്പസിൽ നടക്കും.